FOOD PRODUCTION LEASES

436. മിസ്റ്റർ കെ. കൊച്ചുകുട്ടൻ:—

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) റവന്യൂ ഡിപ്പാർട്ട്മെണ്ടിൽനിന്നും അധീകൃതരുടെ കോളനികൾക്കും വീടുവെക്കുന്നതിനുമായി പുറംപോക്കുകളിൽനിന്നു നീക്കിവെച്ചിരുന്ന സ്ഥലങ്ങളിൽ പലതും ഫുഡ് പ്രൊഡക്ഷൻ സ്കീം അനുസരിച്ചു അധീകൃതരല്ലാത്തവർക്കു പാട്ടത്തിനു കൊടുത്തിട്ടുള്ള സംഗതി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ വക ലീസുകൾ എന്നവസാനിക്കും;

(സി) അവസാനിക്കുമ്പോൾ ആ വക സ്ഥലങ്ങൾ എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതു?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:—

(എ) ഉണ്ട്.

(ബി) [illegible]-യോടുകൂടി.

(സി) കോളനികളുടെ ആവശ്യങ്ങൾക്കായിതന്നെ ഒഴിപ്പിച്ചിടുവാൻ.

ANCHAL SERVICE—COMPLAINTS REGARDING

437. മിസ്റ്റർ കെ. എ. രാഘവൻ:—

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ കഴപ്പങ്ങളെപ്പറ്റി മലബാർ മെയിൽ പത്രത്തിൽ തുടരെ തുടരെ ഉണ്ടായിരുന്ന ആക്ഷേപങ്ങൾ ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആക്ഷേപങ്ങൾക്ക് ഒരുവതി ഇല്ലാതെ പോകുന്നതിന്റെ ഹേതുവെന്തു;

(സി) ഉത്തര കൊച്ചിയിൽനിന്നും ദക്ഷിണ കൊച്ചിയിൽനിന്നും ദിവസത്തിൽ എത്ര പ്രാവശ്യമാണ് അഞ്ചൽ മെയിൽ അങ്ങോട്ടുമിങ്ങോട്ടുമയച്ചു വരുന്നതു;

(ഡി) അതിരാവിലെയുള്ള വണ്ടിക്കുകൂടി ഉച്ചവണ്ടിക്കയക്കുന്നതുപോലെ മെയിൽ ബാഗുകൾ അയക്കുന്നതിൽ എന്താണ് പ്രതിബന്ധം;

(ഇ) ഇപ്പോഴത്തെ മെയിൽ ടൈമിങ്ങ് മൂലം വൈകീട്ട് മുന്നരമണിക്കുശേഷം എറണാകുളം അഞ്ചലാപ്പീസ്സിൽ ഇടുന്ന കത്തുകൾ പിറ്റെ ദിവസം വൈകീട്ടാണ് തൃശ്ശിവപേരൂരും മറ്റും എത്തുന്നതെന്നറിയാമൊ?

റാവുസാഹിബ് കെ. അയ്യപ്പൻ:—

(എ) ഉവ്വ്.

(ബി) ആക്ഷേപങ്ങൾക്ക് നിവാരണം വരുത്തുവാൻ വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്. ആക്ഷേപങ്ങളിൽ ചിലതെല്ലാം അടിസ്ഥാനരഹിതങ്ങളാണ്.

(സി) രണ്ടുപ്രാവശ്യം പ്രധാനമെയിൽ വൈകുന്നേരത്തെ വണ്ടിക്കും സപ്ലിമെണ്ടറി മെയിൽ ഉച്ചവണ്ടിക്കും അയച്ചുവരുന്നു.

(ഡി) പ്രതിബന്ധം ഒന്നുമില്ല. എസ്സ്. ഐ. ആർ. കമ്പനിക്കാരുടെ അനുമതി വാങ്ങിയാൽ ഇപ്രകാരം അയക്കുന്നതിനു വിരോധം ഇല്ല. ഉച്ചവണ്ടിക്കു മെയിൽ അയക്കുന്ന സ്ഥിതിക്കു കാലത്തു വണ്ടിക്കും മെയിൽ അയക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ക്രമേണ വരുന്ന ചിലവു കണക്കാക്കുമ്പോൾ ഒരു മെയിലിനുകൂടിയുള്ള ആവശ്യം കാണുന്നില്ല.

(ഇ) വൈകീട്ട് [illegible] ശേഷം എറണാകുളം അഞ്ചലാപ്പീസ്സിൽ ഇടുന്ന എഴുത്തുകൾ പിറ്റെ ദിവസം [illegible] മണിക്കു മുമ്പ് തൃശ്ശിവപേരൂർ എത്തുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly